©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 ഫെബ്രുവരി 5<br>5th February 2018<br>1193 മകരം 22<br>22nd Makaram 1193<br>1939 മാഘം 16<br>16th Magha 1939 | നമ്പർ<br>No. 279 |

## കേരള സർക്കാർ

വ്യവസായ (എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി). നമ്പർ 8/2018/വ്യവ. *തിരുവനന്തപുരം, 2018 ഫെബ്രുവരി 3 / 1193 മകരം 20.*

**എസ്. ആർ. ഒ. നമ്പർ 70/2018.**—1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്പ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടിലെ (1957-ലെ 67-ാം കേന്ദ്ര ആക്ട്), 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2015 ഫെബ്രുവരി 7-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 16/2015/വ്യവ. പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചതും 2015 ഫെബ്രുവരി 7-ാം തീയതിയിലെ 288-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 72/2015 ആയി പ്രസിദ്ധീകരിച്ചതുമായ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്ക്, കേരള സർക്കാർ താഴെപ്പറയും പ്രകാരം ചട്ടങ്ങളുണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/457/2018/S-11.

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള മൈനർ മിനറൽ കൺസഷൻ (1-ാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ 4-ാം ചട്ടം, (2)-ാം ഉപചട്ടത്തിലെ (എഫ്) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സഞ്ജയ് കൗൾ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ ചെറുകിട ധാതുക്കളുടെ ഖനനം ക്രമീകരിക്കുന്നതിലേക്കാണ് കേരള സർക്കാർ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിലെ 4-ാം ചട്ടം (2)-ാം ഉപചട്ടത്തിലെ (എഫ്) ഖണ്ഡം പ്രകാരം സാധാരണ മണലോ, സാധാരണ കളിമണ്ണോ ഖനനം ചെയ്യുന്നതിന് സർക്കാർ രൂപീകരിച്ചിട്ടുള്ള ജില്ലാ വിദഗ്ധ സമിതിയുടെ ശിപാർശയിന്മേൽ ജില്ലാ കളക്ടർ നൽകുന്ന നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്. എല്ലാ ധാതുക്കളും ഖനനം ചെയ്യുന്നതിന് അവയുടെ സ്വഭാവം, ഏതു വസ്തുവിൽ നിന്നാണോ അവ ഖനനം ചെയ്തെടുക്കുന്നത്, അതിന്റെ വിസ്തൃതി, ഇനം എന്നിവയും അതുപോലെതന്നെ ഖനനാനുമതിയുടെ കാലാവധിയും കണക്കിലെടുക്കാതെ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാലും, 2016 ജനുവരി 20-ാം തീയതിയിലെ എസ്. ഒ. 190 (ഇ) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും, 2016 ജനുവരി 20-ാം തീയതിയിലെ 166-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ പാർട്ട് II, സെക്ഷൻ 3, സബ് സെക്ഷൻ (ii)-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ, പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപന പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതിനാലും 4-ാം ചട്ടം,

(2)-ാം ഉപചട്ടം, (എഫ്) ഖണ്ഡം നിഷ്കർഷിക്കുന്ന പ്രകാരം സാധാരണ മണലോ സാധാരണ കളിമണ്ണോ ഖനനം ചെയ്തെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശയിന്മേൽ ജില്ലാ കളക്ടർ നൽകുന്ന നിരാക്ഷേപപത്രം നിഷ്കർഷിക്കുന്നതിനാൽ ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതി, ജില്ലാ വിദഗ്ദ്ധ സമിതി എന്നിവ ഒരേ ലക്ഷ്യം നിറവേറ്റുന്നതിനായി രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസക്തിയില്ല. ഈ സാഹചര്യത്തിൽ ചട്ടം 4 ഉപചട്ടം (2)-ലെ (എഫ്) ഖണ്ഡം വിട്ടുകളയുന്നതിന് പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Industries (A) Department**

NOTIFICATION

G. O. (P) No. 8/2018/ID.

*Dated, Thiruvananthapuram, 3rd February, 2018*
*20th Makaram, 1193.*

**S. R. O. No. 70/2018.**—In exercise of powers conferred by sub-section (1) of section 15 of the Mines and Minerals (Development and Regulation) Act, 1957 (Central Act 67 of 1957), the Government of Kerala hereby make the following rules further to amend the Kerala Minor Mineral Concession Rules, 2015 issued by Notification under G. O. (P) No. 16/2015/ID. dated 7th February, 2015 and published as S.R.O. No. 72/2015 in the Kerala Gazette Extraordinary No. 288 dated 7th February, 2015, namely:—

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Minor Mineral Concession (First Amendment) Rules, 2018.

(2) They shall come into force at once.

2. *Amendment of the Rules*.—In the Kerala Minor Mineral Concession Rules, 2015 clause (f) of sub-rule (2) of rule 4 shall be omitted.

By order of the Governor,

SANJAY KAUL,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Kerala Minor Mineral Concession Rules, 2015 were framed by the Government of Kerala to regulate extraction of minor minerals in the State. As per clause (f) of sub-rule (2) of rule 4 of the said rules, No Objection Certificate from the District Collector based on the recommendations of the District Expert Committee constituted by the Government for extraction of ordinary clay or ordinary sand is to be produced. As the Environmental Clearance has been made mandatory for the extraction of all minerals irrespective of their nature, extent and type of land from which they are extracted as well as the duration of the permissions granted and since the District Level Environment Impact Assessment Authority is constituted based on the Environment Impact Assessment Notification, issued as S.O. 190(E) dated 20th January, 2016, and published in Part II—Section 3—Sub-section (ii) of the Gazette of India Extraordinary No. 166 dated 20th January, 2016 under the chairpersonship of the District Collector concerned, the requirement of No Objection Certificate from the District Collector concerned based on the recommnedation of the District Expert Committee constituted by the Government in this regard in the case of application for extraction of ordinary clay or ordinary sand mandated as per clause (f) of sub-rule (2) of rule 4 has no relevance as the District Level Environment Impact Assessment Authority and District Expert Committee are constituted for achieving the same goal. In these circumstances, the Government have decided to omit the said clause of sub-rule (2) of rule 4 from the Rules and hence this amendment.

The notification is intended to achieve the above object.